പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ

3 [*206] ശ്രീ. എം. കുമാരൻ :

" ബിനോയ് വിശ്വം :

" എൻ. രാജൻ :

" പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന് സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ വർഷം എത്ര വിനോദസഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ആദിവാസി കേന്ദ്രങ്ങൾ ഉൾപ്പെടുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ,

(എ) ഉണ്ട്.

(ബി) ഒരു ജില്ലയിൽ ഒരു ടൂറിസ്റ്റ് കേന്ദ്രമെങ്കിലും സമഗ്രമായി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല, എന്നാൽ വയനാട് ജില്ലയിൽ അനുയോജ്യമായ ഒരു വില്ലേജ് മാതൃകാ ടൈപ്പിൽ ടൂറിസം വില്ലേജായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഏത് വില്ലേജാണെന്ന് തീരുമാനിച്ചിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കേരളത്തിന്റെ ടൂറിസം വികസന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നിലവിലുള്ള പ്രോജക്ടുകൾ കൂടുതൽ നന്നാക്കി മുന്നോട്ടുകൊണ്ടുപോകാനുമുള്ള നടപടികൾ അങ്ങ് സ്വീകരിക്കുന്നു എന്നുകാണുന്നു. ഇതിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഇത്തരം പുതിയ പ്രോജക്ടുകൾക്കുവേണ്ടി പുതിയ പ്രദേശങ്ങൾ നിർദ്ദേശിക്കാനും അതിനാവശ്യമായ റിപ്പോർട്ടുകൾ നൽകാനും ഏതെങ്കിലും കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തോമസ് മാസ്റ്റർ മന്ത്രിയായിരുന്ന സമയത്ത് ഡൽഹി കേന്ദ്രീകരിച്ച് ഒരു കൺസൾട്ടൻസി അത്തരം ചില നടപടികൾ സ്വീകരിച്ചിരുന്നു, ആ കൺസൾട്ടൻസിയുടെ പ്രവർത്തനം ഏതുവരെയായി; റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, വിനോദസഞ്ചാര കേന്ദ്രങ്ങളെ നിർണ്ണയിക്കുന്നതിനു വേണ്ടി 39 സ്ഥലങ്ങളാണ് സർക്കാർ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്. അതുകൂടാതെ നാലെണ്ണം കൂടി പുതുതായി പ്രഖ്യാപിക്കാനുള്ള പരിഗണനയിലാണ്. തേക്കടി, വാഗമൺ, ആലപ്പുഴ, കോവളം തുടങ്ങിയ എസ്റ്റാബ്ലിഷ്ഡ് സെന്ററുകളെ മാറ്റിനിർത്തിക്കൊണ്ട് സാദ്ധ്യതയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ച രീതിയിലുള്ള ഒരു കൺസൾട്ടൻസി പ്രവർത്തനം ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്നില്ല. ടൂറിസം ഡിപ്പാർട്ടുമെന്റുതന്നെ ജനപ്രതിനിധികളിൽനിന്നും മറ്റ് ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കിട്ടുന്ന നിർദ്ദേശങ്ങൾ ശേഖരിച്ച് അവിടെ പോയി ആവശ്യമായ പഠനം നടത്തുകയാണ് ചെയ്യുന്നത്. ആ പ്രത്യേകമായ സ്ഥലത്ത് എന്തെങ്കിലും കൂടുതൽ ടെക്നിക്കലായിട്ടുള്ള പഠനം ആവശ്യമാണെന്നു കണ്ടാൽ അവിടത്തേക്കുവേണ്ടി മാത്രമാണ് ഈ കൺസൾട്ടൻസിയെ ഉപയോഗിക്കുന്നത്. ആൾ ഓവർ സ്റ്റേറ്റ് ആയിട്ട് ഒരു കൺസൾട്ടൻസി ഇപ്പോൾ ഇല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളത് ഉൽസവങ്ങളും പൂരങ്ങളും, പെരുന്നാൾ മഹോൽസവങ്ങൾ പോലുള്ള പുതിയ മേഖലകളിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുക എന്നുള്ളതാണ്. ദുബായിൽ സംഘടിപ്പിക്കുന്ന ദുബായ് ഫെസ്റ്റിവലിന്റെ മാതൃകയിൽ ഒരു ട്രേഡ് കൂടി ബന്ധപ്പെടുത്തിക്കൊണ്ട് മധ്യകേരളത്തിലെ ഏതെങ്കിലും ഭാഗത്ത് ഈ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നതും സ്ഥിരമായി നിലനിൽക്കുന്നതും എല്ലാവർഷവും നടത്താൻ കഴിയുന്ന തരത്തിലുള്ളതുമായ ഒരു ഫെസ്റ്റിവൽ, പ്രത്യേകിച്ച് തൃശൂർ പൂരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നടത്താൻ ആലോചിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ പൂരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെത്തന്നെ ടൂറിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആകർഷക കേന്ദ്രങ്ങളാണ്. നമ്മുടെ സംസ്കാരവുമായി ബന്ധപ്പെടുത്തി, കലയുമായി ബന്ധപ്പെടുത്തി വിദേശ സഞ്ചാരികളെ ആകർഷിക്കാൻ വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിവരുന്നുണ്ട്. ഏതായാലും വിപുലമായ ഷോയെക്കുറിച്ച് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. പക്ഷേ അങ്ങയുടെ നിർദ്ദേശത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. പി. നാരായണൻ: സർ, സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന് വളരെയധികം സാദ്ധ്യതകളുള്ള സ്ഥലമാണ് വൈക്കം. വേമ്പനാട് കായലിന്റെ പ്രകൃതി രമണീയതയും, വൈക്കം മഹാദേവക്ഷേത്രവും എല്ലാംകൂടി ഉൾപ്പെടുത്തിക്കൊണ്ട് വൈക്കം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, വൈക്കം, ടൂറിസം മേഖലയ്ക്ക് വളരെ പ്രാധാന്യമുള്ള സ്ഥലംതന്നെയാണ്. വൈക്കം കായലും അതുമായി ബന്ധപ്പെട്ട പ്രദേശങ്ങളുമൊക്കെത്തന്നെ സഞ്ചാരികളെ ആകർഷിക്കുന്ന പ്രദേശങ്ങളാണ്. വൈക്കത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അവിടെ കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. അത് വേഗത്തിൽ നടപ്പിലാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ: സർ, വേമ്പനാട്ടു കായലിൽ ടൂറിസ്റ്റ് ബോട്ടുകളിൽ നിന്നും മലിനീകരണം പുറപ്പെടുന്നുണ്ട്, ആ ഹൗസ് ബോട്ടുകളെ നിലനിർത്തിക്കൊണ്ടുതന്നെ ആ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: സർ, വേമ്പനാട്ടു കായൽ അടക്കമുള്ള എല്ലാ സ്ഥലങ്ങളിലും ഹൗസ് ബോട്ടുകൾ ഉണ്ടാക്കുന്ന മലിനീകരണം ഒരു പ്രശ്നമായി വന്നിട്ടുണ്ട്. എന്നുവച്ച് നമുക്ക് ഹൗസ് ബോട്ടുകൾ നിരുൽസാഹപ്പെടുത്താൻ കഴിയില്ല. കേരളത്തിൽ വിനോദസഞ്ചാരത്തിന് ഏറ്റവും കൂടുതൽ ആകർഷക കേന്ദ്രമായി മാറിയിരിക്കുന്നത് ഇപ്പോൾ ഹൗസ് ബോട്ടുകളാണ്. എല്ലാ ഹൗസ് ബോട്ടുകളിലും മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായിട്ടുള്ള നിബന്ധനകൾ ഉൾപ്പെടുന്ന ലിസ്റ്റ് കൊടുത്തിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ നിബന്ധനകൾ പാലിക്കാത്ത ഹൗസ് ബോട്ടുകളെ ഒരു സമയപരിധി നിശ്ചയിച്ചിട്ട് അതിനുശേഷം പ്രവർത്തിക്കാൻ അനുവദിക്കില്ല എന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. അവർക്ക് കൂടുതൽ സൗകര്യപ്പെടുന്ന രീതിയിൽ ഗവൺമെന്റും അവരെ സഹായിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ഓരോ ഹൗസ് ബോട്ടിൽ നിന്നും നീക്കുന്നതിനുവേണ്ടി അതാതു ഹൗസ് ബോട്ടുകൾ പൈസ ചെലവാക്കി കഴിഞ്ഞാൽ ഇത് പൊതുവായ ഒരു സ്ഥലത്ത് കൊണ്ടുപോയി കളക്ട് ചെയ്ത് അത് സംസ്കരിക്കുന്നതിന് ഗവൺമെന്റ് ചെലവിൽ പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്, അതിന്റെ നടപടിക്രമങ്ങൾ തന്നെ കഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ തന്നെ ഇത് പാലിക്കുന്നതിനുവേണ്ടി ജില്ലാകളക്ടർ ചെയർമാനും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഇറിഗേഷന്റെയും ഉദ്യോഗസ്ഥർ അംഗങ്ങളായിട്ടുള്ള ഒരു ഏകജാലക സംവിധാനത്തിന് ഗവൺമെന്റ് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാജൻ: സർ, വിനോദസഞ്ചാര വികസനത്തിന് സാദ്ധ്യതകളുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നുപറഞ്ഞു. എന്റെ നിയോജകമണ്ഡലമായ കിളിമാനൂർ ലോകപ്രശസ്തനായ ചിത്രകാരൻ രാജാ രവിവർമ്മയുടെ ജന്മസ്ഥലം കൂടിയാണ്. കിളിമാനൂർ കൊട്ടാരവും, അതുപോലെ വർക്കല-കിളിമാനൂർ-പൊൻമുടി പ്രദേശവുമായി ബന്ധിപ്പിക്കുന്ന റോഡും ഒക്കെയുള്ളതാണ്. വിദേശികളടക്കം ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എപ്പോഴും വന്നിട്ട് പോകുന്ന സ്ഥലമാണ്. ഇപ്പോൾ ഇങ്ങനെയുള്ള പ്രദേശങ്ങൾ കണ്ടെത്താൻ വേണ്ടി ഒരു സർവ്വേ നടത്തിയിട്ട് അതിൽ കിളിമാനൂർ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്, അതുമായി ബന്ധപ്പെട്ട് കടലുകാണിപ്പാറ എന്നുപറയുന്ന ഒരു പാറയുണ്ട്. അതിന്റെ മുകളിലെത്തുന്നതിന് 40 കിലോമീറ്റർ ദൂരം സഞ്ചരിക്കണം അതിന്റെ മുകളിൽ കയറിനിന്ന് നോക്കിയാൽ നമ്മുടെ ശംഖുമുഖം കടൽത്തീരവും, കടൽപ്പുറവും കാണാം. വളരെ വലിയ ദൃശ്യസൗന്ദര്യമുള്ള പ്രദേശമാണ്. കിളിമാനൂർ, വർക്കല, പൊൻമുടി, കടലുകാണിപ്പാറ ഇതൊക്കെ ചേർത്ത് ഒരു വലിയ ടൂറിസം വികസന പദ്ധതിയായി രൂപം കൊടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച രവിവർമ്മ ചിത്രങ്ങൾ കേരളത്തിലെ വിനോദസഞ്ചാരികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതും ആകർഷകവും ആണ്. കിളിമാനൂർ കൊട്ടാരവുമായി ബന്ധപ്പെട്ട് അങ്ങ് ഇവിടെ നിർദ്ദേശിച്ച മറ്റു പ്രദേശങ്ങളുടെ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചിട്ട് എന്താണ് അതിന്റെ സാദ്ധ്യതകൾ എന്ന് ആരായുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ബാലൻ: സർ, കിളിമാനൂർ കൊട്ടാരത്തിൽ ജനിച്ചുവളർന്ന് അവിടെനിന്ന് വരയ്ക്കപ്പെട്ട രവിവർമ്മയുടെ ചിത്രങ്ങൾ കിളിമാനൂർ പ്രദേശത്തുള്ളവർ ഇപ്പോഴും കണ്ടിട്ടില്ല എന്നുള്ളത് അവിടെയുള്ളവരുടെ പരാതിയാണ്. പല സന്ദർഭങ്ങളിലും നാട്ടുകാർ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അവിടെയുള്ളവർ ഈ ചിത്രങ്ങൾ കണ്ടിട്ടില്ല. അതിനുള്ള ആർട്ട് ഗ്യാലറികൾ തുടങ്ങി എല്ലാ സൗകര്യങ്ങളും ഉള്ളതാണ്, രവിവർമ്മയുടെ ജന്മസ്ഥലമാണെന്ന് അങ്ങേക്കുതന്നെ അറിയാം. അതു കാണുന്നതിന് ഈ കൊട്ടാരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ, അതിനുള്ള ഒരു വലിയ പദ്ധതി ഉണ്ടാക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സാംസ്കാരിക വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. നമുക്ക് സാംസ്കാരിക വകുപ്പുമായി ആലോചിച്ചിട്ട് അത്തരം ഒരു പദ്ധതി തയ്യാറാക്കാം.

ശ്രീ. പി.എസ്. സുപാൽ: സർ, കേരളത്തിന്റെ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ എക്കോ ടൂറിസത്തിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് തെൻമല എക്കോ ടൂറിസം പദ്ധതി. ഒരുപാട് വികസന സാദ്ധ്യത അതിനുണ്ടായിരുന്നു, പക്ഷെ അതിനനുസരിച്ച് ഒരു വികസന പരിപാടി ഇപ്പോൾ ഇല്ല എന്നുള്ളത് അങ്ങയുടെ കൂടി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിഷയമാണ്. ആര്യങ്കാവ് തെൻമല, കുളത്തൂപ്പുഴ പഞ്ചായത്തുകളാണ് ആ പദ്ധതിയുടെ പ്രദേശങ്ങൾ. പക്ഷെ കുളത്തൂപ്പുഴ പഞ്ചായത്തിലടക്കം യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തെൻമല എക്കോ ടൂറിസം പദ്ധതി വികസിപ്പിക്കുവാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.സി. വേണുഗോപാൽ: സർ, തെൻമല എക്കോ ടൂറിസം ടൂറിസത്തിന്റെ ഏറ്റവും വിജയകരമായ ഒരു പദ്ധതി തന്നെയാണ്. അത് പരാജയമാണെന്ന് അങ്ങ് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. അതിൽ ചില കാര്യങ്ങൾ കൂട്ടിച്ചേർക്കാനുണ്ടെന്നുള്ള അങ്ങയുടെ നിർദ്ദേശം ഞാൻ സ്വീകരിക്കുകയാണ്. അതിൽ ആദ്യത്തെ ഒരു യോഗം കഴിഞ്ഞു, എക്കോ ടൂറിസത്തിന് അപാരമായ സാദ്ധ്യതകളാണ് കേരളത്തിലുള്ളത്. തെൻമലയും, തേക്കടിയുമൊക്കെ ദേശീയതലത്തിൽ തന്നെ ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിക്കുന്ന കേന്ദ്രങ്ങളാണ്. തെൻമലയിലെ എക്കോ ടൂറിസം സാദ്ധ്യതകൾ പരമാവധി നമുക്ക് പ്രയോജനപ്പെടുത്തത്തക്ക രീതിയിൽ ഒരു യോഗം വിളിച്ചുകൂട്ടി അതിന്റെ അവശേഷിക്കുന്ന കാര്യങ്ങൾകൂടി പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അത് സ്വീകരിച്ചിട്ടുണ്ട്, അതിനുള്ള തുടർ നടപടികളും ഉണ്ടാകും.

ശ്രീ. പി.എസ്. സുപാൽ: സർ. ഫാം ടൂറിസത്തിന് ഒരുപാട് സാദ്ധ്യതകൾ കേരളത്തിൽ ഉണ്ട്. ഒരുപാട് ഫാമുകൾ കേരളത്തിൽ ഉണ്ട്, അതുകൊണ്ട് അതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഫാം ടൂറിസത്തിന്റെ ഒരു മേഖല രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ.സി. വേണുഗോപാൽ: സർ, പുതുതായിട്ട് കണ്ടെത്തുന്ന ഒരു മേഖലയാണ് ഫാം ടൂറിസം. നമ്മുടെ ഫാം ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിക്കുന്ന ഒന്നായി മാറിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതിന്റെ സാദ്ധ്യതകൾ ഗുണകരമാക്കി മാറ്റിയെടുക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കി ആലോചിച്ചു വരികയാണ്. അത് ഫലപ്രദമായി പെട്ടെന്ന് നടപ്പിലാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ.എ. ചന്ദ്രൻ: സർ, നെല്ലിയാമ്പതിയും പറമ്പിക്കുളവും ഏറ്റവും നല്ല ടൂറിസ്റ്റ് മേഖലയാണ്. ഇത് തിരുവനന്തപുരത്തു നിന്ന് വളരെ അകലെയായതുകൊണ്ട് കാലാകാലങ്ങളിൽ വേണ്ടത്ര ശ്രദ്ധ കിട്ടിയിട്ടില്ല. അവിടം നല്ല ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യം തന്നെയാണ്. നെല്ലിയാമ്പതിയിലും പറമ്പിക്കുളത്തും കഴിഞ്ഞ ദിവസം ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം ഡയറക്ടർ, ഉദ്യോഗസ്ഥർ എന്നിവരോടൊപ്പം ഞങ്ങളെല്ലാവരും കൂടിപോയി, അവിടെ ഒരു ദിവസം മുഴുവൻ ഞങ്ങൾ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. യോടൊപ്പം ആ പ്രദേശങ്ങളൊക്കെ ചുറ്റിക്കറങ്ങി കണ്ട് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. നെല്ലിയാമ്പതിയേയും, പറമ്പിക്കുളത്തേയും വിനോദസഞ്ചാരത്തിന്റെ ഏറ്റവും മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു വേണ്ടിയിട്ടുള്ള ഫലപ്രദമായ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതിന് അത്യാവശ്യമായി വേണ്ടുന്ന തുക ഗവൺമെന്റ് അനുവദിച്ചു കഴിഞ്ഞിരിക്കുകയാണ്. സമയബന്ധിതമായി ആ കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയിട്ടുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, മുഴുപ്പിലങ്ങാട്ടുള്ള ഏറ്റവും മനോഹരമായ ഡ്രൈവ് ഇൻ ബീച്ച് ഒരു പ്രത്യേക പാക്കേജായി പരിഗണിച്ച് പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കേരളത്തിലെ ഏക ഡ്രൈവ് ഇൻ ബീച്ചുകളിൽ ഒന്നാണ് മുഴുപ്പിലങ്ങാട് ബീച്ച്. ആ ബീച്ചിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട എം. എൽ. എ. യെയും കൂടി ഉൾപ്പെടുത്തി ഞാൻ ഒരു യോഗം നടത്തിക്കഴിഞ്ഞു. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ മുഴുപ്പിലങ്ങാട് ബീച്ച് ഒരു നല്ല ഡെസ്റ്റിനേഷൻ ആക്കാൻ വേണ്ടിയിട്ടുള്ള നടപടികൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച ഒരു പദ്ധതി അനുസരിച്ച് മുഴുപ്പിലങ്ങാട് ബീച്ച് അടക്കമുള്ള ബീച്ചുകളുടെ വികസനത്തിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് തുക അനുവദിച്ചു കഴിഞ്ഞിട്ടുണ്ട് അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly